LIBRARY ARCHIVES Kerala Legislative Assembly

നാഷണൽ ഹൈവേ നാലുവരിപ്പാതയാക്കൽ

143 (2243) ശ്രീ .എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) നാഷണൽ ഹൈവേ 47-ന്റെ എത്ര കിലോമീറ്റർ ദൂരമാണ് ഇതു വരെ നാലുവരിപ്പാതയാക്കിയിട്ടുള്ളത് ; ഏതുമുതൽ ഏതുവരെയുള്ള റോഡാണ് നാലുവരിയാക്കിയിട്ടുള്ളത് ;

(ബി) നാഷണൽ ഹൈവേ 47-ന്റെ ബാക്കിയുള്ള ഭാഗങ്ങൾ എന്നത്തേക്ക് നാലുവരിപ്പാതയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(സി) വാളയാർ-മണ്ണുത്തി ഭാഗത്തിന്റെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നാഷണൽ ഹൈവേ 47-ന്റെ 316/700 കിലോമീറ്റർ മുതൽ 358/300 കിലോമീറ്റർ വരെയുള്ള 41.6 കിലോമീറ്റർ 4 വരിപ്പാതയാക്കിയിട്ടുണ്ട്.

(ബി) ദേശീയപാത 270/000 കി.മീ. മുതൽ 316/700 കി.മീ. വരെ നാല് വരിപ്പാതയാക്കൽ 31-3-2011-നകം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കിയുള്ള ഭാഗത്ത് സ്ഥലമെടുപ്പ് പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് സമയബന്ധിതമായി പണി പൂർത്തിയാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

(സി) ദേശീയപാത 47-ന്റെ വാളയാർ മുതൽ വടക്കാഞ്ചേരിവരെ (182.250 കി.മീ. മുതൽ 240/000 കി.മീ. വരെ) എൻ.എച്ച്.എ.1 മുഖാന്തരം 4 വരിപ്പാതയാക്കുന്ന ജോലിയുടെ ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. 45 മീറ്ററിൽ സ്ഥലം ഏറ്റെടുപ്പ് പൂർത്തിയാക്കിയിട്ടുള്ളതാണ്. വടക്കാഞ്ചേരി മുതൽ മണ്ണുത്തി വരെ (240 കി.മീ. മുതൽ 270 കി.മീ. വരെ) 60 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിന് സ്ഥലമെടുപ്പ് പൂർത്തിയായെങ്കിലും കുടിഴിപ്പിക്കപ്പെടുന്നവർ സ്ഥലം ഒഴിയാത്തതുമൂലം പണി ആരംഭിക്കാൻ സാധിച്ചിട്ടില്ല.

വയനാട് താമരശ്ശേരി റോഡിലെ ഗതാഗത സ്തംഭനം

144 (2244) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.എച്ച് 212-ലെ വയനാട് താമരശ്ശേരി ചുരത്തിൽ നിത്യേന മണിക്കൂറുകളോളം ഗതാഗത സ്തംഭനം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്രകാരം ഗതാഗത സ്തംഭനം ഉണ്ടാകുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ;